കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 38-ാം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗീകരിച്ചു. എംപവേർഡ് കമ്മിറ്റിയുടെ ഈ റിപ്പോർട്ട് കൗൺസിലിന്റെ പ്രസിഡന്റിന് സമർപ്പിക്കുകയും അത് അംഗീകരിക്കുകയുമുണ്ടായി. 2014 ഒക്ടോബർ 29-ാം തീയതി നടന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 7-ാം ഗവേണിംഗ് ബോഡി മീറ്റിംഗിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ സൊസൈറ്റിയെ ലയിപ്പിച്ച് കൗൺസിലിന്റെ കീഴിലുള്ള ഒരു ഗവേഷണ സ്ഥാപനമാക്കാനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തീരുമാനിച്ചു. ഇതുസംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സ് സെന്റർ

59 (1923) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്റർ (CARC)-മായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് CARC-യുടെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ.) എന്ന സ്ഥാപനം കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്ററുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് പ്രചാരത്തിലുണ്ടായിരുന്ന വാഴയിനങ്ങളുടെ ഒരു ജനിതകശേഖരം നിർമ്മിക്കുകയും സംരക്ഷിക്കുകയും അന്യംനിന്നുപോയ അനേകം ഇനങ്ങളുടെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നു. വാഴനാരുകളിൽ നിന്നും ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ധ പരിശീലനം നൽകിവരുന്നു. ഔഷധസസ്യങ്ങളുടെ കൃഷിക്കും പരിപാലനത്തിനും വേണ്ട പരിശീലനം നൽകിവരുന്നു. ഔഷധകൃഷിയുടെ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുകയും അവ നൽകുകയും കൃഷി പ്രോത്സാഹിപ്പിക്കുകയും ഉല്പന്നത്തിന് വിപണി ലഭ്യമാക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട ജൈവ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പ്രോഗ്രാമുകൾക്ക് ഗ്രാമീണ മേഖലയിലെ കർഷകർക്കും മറ്റ് തൊഴിൽരഹിതർക്കും സ്വയംതൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നവർക്കും പരിശീലനം നൽകുകയും അവരെ സ്വയംപര്യാപ്തരാക്കുകയുമാണ് CARC-യുടെ പരമമായ ലക്ഷ്യം. ജൈവ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷി സംബന്ധിയായ കാര്യങ്ങളുടെയെല്ലാം പ്രോത്സാഹനവും പ്രചരണവും CARC-ന്റെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങളാണ്. കൃഷി അനുബന്ധമായി വരുന്ന കാര്യങ്ങളായ ജൈവ കീടനാശിനി, ജൈവവളം തുടങ്ങിയവയും CARC-കളുടെ പരിധിയിൽപ്പെടുന്നു. ഗ്രാമീണ കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളുടെയെല്ലാം സഹകരണവും ഏകോപന പ്രവർത്തനങ്ങളും CARC ലക്ഷ്യമിടുന്നു.

മിഷൻ 676-കാഴ്ച വൈകല്യമുള്ളവരുടെ ശാക്തീകരണ പദ്ധതികൾ

60 (1924) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ശാസ്ത്ര സാങ്കേതിക വകുപ്പ് വഴി നടപ്പാക്കുന്ന കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദ്യഘട്ടമെന്ന നിലയിൽ അന്ധർക്കുവേണ്ടിയുള്ള കമ്പ്യൂട്ടർ പരിശീലനം, അവർക്കുവേണ്ടിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അസിസ്റ്റീവ് ടെക്നോളജിയെ കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ്.

LIBRARY ARCHIVES Kerala Legislative Assembly